# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.63 10.12.2012 - ലെ മറുപടിയ്ക്ക്

## മലബാർ മഹാൻ കുടുംബത്തിന്റെ ഭൂമി അന്യാധീനപ്പെട്ടതായ പരാതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.കെ. ലതിക | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) മലബാർ മഹാൻ എന്ന സ്ഥാനപ്പേര് ലഭിച്ച കുടുംബത്തിന്റെ ഭൂമി അന്യാധീനപ്പെട്ടത് സംബന്ധിച്ച് മുഖ്യമന്ത്രിയുടെ സുതാര്യകേരളം പരിപാടിയിൽ 17309 തീയതി 10.11.2011 നമ്പരായി ചേർത്ത ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഈ കുടുംബത്തിന്റെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?. | (എ) & (ബി) ഈ പരാതിയെ സംബന്ധിച്ച് വടകര തഹസിൽദാർ മുഖേന അന്വേഷണം നടത്തിയതിലും കക്ഷി ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിലും ചോറോട് വില്ലേജിൽ എരപുരം ദേശത്ത് റീ.സ. 39/12, 39/13, 39/14, 39/17 എന്നീ നമ്പരുകളിലെ ചാമുണ്ടിക്കണ്ടി നാഗത്താൻ കോട്ടയുമായി ബന്ധപ്പെട്ട ഭൂമികൾ ചാമുണ്ടിയിൽ അമ്മു അമ്മയുടെ പേരിൽ സ്ഥിരം പുഞ്ചയായി ഉത്തരവായിട്ടുള്ളതാണ്. മേൽ സൂചിപ്പിച്ച സർവ്വെ നമ്പരുകളിലെ എല്ലാ ഭൂമികളും വ്യക്തമായ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് സ്ഥിരം പുഞ്ചയാക്കി തിരിച്ചിട്ടുള്ളത്. റീ.സ,39/14, ലെ 22 സെന്റ് ഭൂമി ഇപ്പോൾ സമീപവാസികളും മറ്റും ആരാധന നടത്തി വരുന്ന ച ാമുണ്ടിക്കണ്ടിയിൽ ഭഗവതി ക്ഷേത്രം സർപ്പക്കാവ് ആയി സ്ഥിതി ചെയ്തു വരുന്നതും, നിത്യേന വിളക്ക് കൊളുത്തി പൂജാവിധികൾ നടത്തി വരുന്ന ക്ഷേത്രമായും റീ.സ.39/17 ലെ 4 സെന്റ് ഭൂമി ക്ഷേത്രക്കുളമായും നില നിൽക്കുന്നുണ്ട്. |

ഈ സാഹചര്യത്തിൽ മലബാർ മഹാൻ എന്ന സ്ഥാനപ്പേര് ലഭിച്ച കുടുംബത്തിന്റെ പൂർവ്വികരിൽ നിന്നും കൈവിട്ടുപോയ ഭൂമിയ്ക്ക് പകരമായി ഭൂമി അനുവദിക്കുവാൻ നിർവ്വാഹമില്ല.

ഭൂരഹിതർക്ക് ഭൂമി പതിച്ചു നൽകുവാൻ അപേക്ഷ സമർപ്പിച്ചാൽ നിയമാനുസൃതമായ നടപടികൾ പൂർത്തിയാക്കി അനുഭാവപൂർവ്വം പരിഗണിക്കുന്നതാണെന്ന് പരാതിക്കാരനെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ